കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 28.07.2020

# എയർപോർട്ട് ശംഖുമുഖം റോഡ് പുനർനിർമ്മിക്കും – മന്ത്രി ജി.സുധാകരൻ



കടലാക്രമണത്തിൽ തകർന്ന ശംഖുമുഖം എയർപോർട്ട് റോഡ് തിരുവനന്തപുരം കോർപ്പറേഷൻ മേയർ ശ്രീകുമാർ, എം.എൽ.എ വി.എസ് ശിവകുമാർ എന്നിവരൊന്നിച്ച് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി ജി.സുധാകരൻ സന്ദർശിച്ചു. ശംഖുമുഖം ബീച്ചിൽ 2018 ലും, 2019 ലും, ഈ വർഷവും ഉണ്ടായ കടലേറ്റം മൂലം ബീച്ച് തന്നെ ഇല്ലാതാകുകയും, റോഡിന്റെ സംരക്ഷണ ഭിത്തി തകർന്ന് റോഡിന്റെ അടിഭാഗത്തുള്ള മണ്ണ് കടലിലേക്ക് പോവുകയും, ഗുഹ പോലെ ആകുകയും, റോഡ് തകരുകയുംമാണുണ്ടായത്. 2018 ൽ ഈ പ്രതിഭാസം ഉണ്ടായപ്പോൾ തന്നെ പൊതുമരാമത്ത് വകുപ്പ് ന്യൂഡൽഹിയിലുള്ള കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ) എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തോട് ബീച്ചിലുള്ള റോഡ് എങ്ങനെ പുനർനിർമ്മിക്കണമെന്ന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് പഠനം നടത്തുകയും, റോഡിനോട് ചേർന്ന് തകർന്ന സംരക്ഷണ ഭിത്തി കോൺക്രീറ്റിൽ റോഡ് ലെവലിൽ നിന്നും 8 മീറ്റർ താഴ്ചയിൽ നിർമ്മിക്കുന്നതിനും, പുറം ഭാഗത്ത് കരിങ്കൽ പാകുന്നതിനുമുള്ള ഡിസൈൻ റിപ്പോർട്ട് സർക്കാരിൽ

സമർപ്പിച്ചതനുസരിച്ച് ഒന്നാം ഘട്ടമായി ഈ പ്രവൃത്തിക്ക് 4.29 കോടി രൂപയ്ക്കുള്ള ഭരണാനുമതി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി നൽകുകയും ചെയ്തു. പലതവണ ഈ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും ഏറ്റെടുത്തില്ല. എന്നാൽ ഇപ്പോൾ ഒന്നാംഘട്ട പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുന്ന ഘട്ടമെത്തിയിരിക്കുകയാണ്. രണ്ടാം ഘട്ടത്തിൽ റോഡ് പ്രവൃത്തിക്കായി റീ–ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 1.10 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീക രിച്ചാലുടൻ തന്നെ റോഡിന്റെ പുനർനിർമ്മാണവും ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് മന്ത്രി അറിയിച്ചു.

വിഴിഞ്ഞം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരമാലകളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നുള്ള പഠനം നടത്തേണ്ടതുണ്ട് എന്നും അതനുസരിച്ചുള്ള കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും, രൂക്ഷ മായ കടലാക്രമണം മൂലം സമീപ പ്രദേശത്തെ വീടുകളടക്കമുള്ള കെട്ടിടങ്ങളെ സംര ക്ഷിക്കുന്നതിനുള്ള താല്ക്കാലിക നടപടികൾ സ്വീകരിക്കുന്നതിന് മിലിട്ടറി എഞ്ചിനീ യറിംഗ് സർവ്വീസിന്റെ സേവനം നേടുന്നതിനുള്ള സാധ്യതകൾ ആരായുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.